# കുറ്റവും ശിക്ഷയും സി.ജെ.യുടെ ക്രൈം നാടകത്തിൽ

വ്യക്തി, സമൂഹം , രാഷ്ട്രം എന്നിവയുടെ അവകാശങ്ങളേയും താൽപ ര്യങ്ങളേയും സമീകരിച്ച് അവയുണ്ടാക്കുന്ന വൈരുദ്ധ്യങ്ങളേയും സംഘർ ഷങ്ങളേയും പരിഹരിച്ച് സമരസപ്പെടുത്താൻ ആവിഷ്കരിച്ചവയാണ് നിയമങ്ങൾ. വ്യക്തിതാൽപര്യങ്ങളുടെ പരിരക്ഷയും സമൂഹതാൽപ ര്യങ്ങളുടെ പരിപാലനവും അതുവഴി നിയമങ്ങൾ ലക്ഷ്യംവെക്കുന്നു. കുറ്റം, ശിക്ഷ എന്നീ ദ്വന്ദ്വങ്ങളെ ഭരണകൂടനിയമങ്ങളുടെ പശ്ചാത്ത ലത്തിൽ വിശകലനവിധേയമാക്കുകയും സംവാദാത്മകമാക്കുകയും ചെയ്ത നാടകമാണ് മലയാളത്തിലെ ഏറ്റവും മികച്ച പരീക്ഷണ നാട കമെന്ന് വിലയിരുത്തുന്ന സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27' എന്ന നാടകം. സാമൂഹ്യശാസ്ത്രത്തിന്റെയും മനഃശാസ്ത്രത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും തത്ത്വചിന്തയുടെയും ചരിത്രത്തിന്റെ യും വ്യത്യസ്തയുക്തികളിൽ നിന്നുകൊണ്ട് വധശിക്ഷയുടെ വിവിധമാന ങ്ങളെ കൊലപാതകം എന്ന കുറ്റത്തിന്റെ പശ്ചാത്തലത്തിൽ സി.ജെ. തോമസ് അപഗ്രഥിക്കുന്നു.

ലോകരാഷ്ട്രങ്ങളിൽ മൂന്നിലൊന്ന് അതായത് 141 രാജ്യങ്ങൾ വധശിക്ഷനിർത്തലാക്കുകയും (ആംനസ്റ്റി ഇന്റർനാഷണലിന്റെ മെയ് 2012-ലെ കണക്കനുസരിച്ച്) ഇന്ത്യയടക്കം മറ്റുലോകരാഷ്ട്രങ്ങളി ലും വധശിക്ഷയ്ക്കെതിരായ ചർച്ചകളും നിർദ്ദേശങ്ങളും പുരോഗമിക്കു കയും ചെയ്യുന്ന ചരിത്രപശ്ചാത്തലത്തിൽ ക്രൈം നാടകത്തെ പരി ശോധിക്കുമ്പോൾ അന്ന് സി.ജെ. ഉയർത്തിയ ചിന്തകളും വാദങ്ങളും

തന്നെയാണ് ഇന്നും വധശിക്ഷയ്ക്കെതിരെ ലോകസമൂഹം ഉയർത്തിപ്പിടിക്കുന്നതെന്നു കാണാം. അഫ്സൽ ഗുരുവിനും യാക്കൂബ് മേമനും ഭാരതം നല്കിയ വധശിക്ഷകളും ബസ്സിനകത്ത് പെൺകുട്ടിയെ പീഡിപ്പിച്ചുകൊന്ന ഡൽഹി സംഭവത്തിലെ പ്രധാന പ്രതിയ്ക്ക് പ്രായപൂർത്തിയായിട്ടില്ലെന്നതിനാൽ കോടതി കുറ്റവിമുക്തനാക്കിയതുമാണ് ഇന്ത്യയിൽ ഇത്തരം ചർച്ചകളെ ക്രിയാത്മകമാക്കിയത്. കുറ്റം, ശിക്ഷ, വധം തുടങ്ങിയ പരികല്പനകളുടെ അർത്ഥവും വ്യാപ്തിയും ആപേക്ഷികമായി നിലകൊള്ളുന്ന ഒന്നാണ്. അത് ദേശത്തിലെ പൗരന്മാരുടെ പുരോഗമനവീക്ഷണത്തോടും മാനവികതയോടും ഭരണകൂടത്തോടും ഭരണവ്യവസ്ഥയോടും ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ്.

'വ്യവസ്ഥാപിത സമൂഹത്തിന്റെ സുസ്ഥിര നിലനില്പിനായി അതിലെ അംഗങ്ങളായ വ്യക്തികളുടെ സ്വഭാവം, പെരുമാറ്റം, പ്രവൃത്തി, സ്വാതന്ത്ര്യം, അവകാശം, തുടങ്ങിയവയ്ക്കുമേൽ ബാധകമാക്കപ്പെടുന്ന നിയന്ത്രണം, അതിര്, വിലക്ക് എന്നിവയുടെ സമാഹാരമോ സംഹിതയോ സംഘാടനമോ ആണ് നിയമം.' (സർവ വിജ്ഞാന കോശം, വാല്യം 15, പുറം 647) വ്യക്തി സ്വാതന്ത്ര്യത്തിനുമേലുള്ള ഭരണകൂട വിലക്ക് എന്നതിൽ നിന്നും ഭിന്നവും കൂടുതൽ പുരോഗമനപരവും മാനവികവുമായ കാഴ്ചപ്പാടാണ് സി.ജെ. മുന്നോട്ടുവെയ്ക്കുന്നതെന്നു കാണാം. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അമേരിക്കൻ നിയമശാസ്ത്രകാരനായ റേസ്കോ പൗണ്ടിന്റെ നിയമ നിർവചനത്തോട് സി.ജെ. യുടെ വീക്ഷണം സാധർമ്മ്യം പുലർത്തുന്നതായികാണാം. സാമൂഹ്യ പുനർനിർമ്മാണത്തിനുള്ള ഒരു ഉപകരണമാണ് നിയമമെന്നതായിരുന്നു റേസ്കോ പൗണ്ടിന്റെ നിർവചനം. ഏതൊരാൾക്കും അയാളെ നന്നാക്കാൻ ആവശ്യമായ ശിക്ഷയേ നൽകാവൂ എന്ന് സി.ജെ. നാടകത്തിൽ ഗുരുവിനെക്കൊണ്ട് പറയിക്കുമ്പോൾ പ്രതിഫലിക്കുന്നത് സാമൂഹ്യപുനർനിർമ്മാണമെന്ന ആശയം തന്നെയാണ്.

കുറ്റം, ശിക്ഷ എന്നീ ദ്വന്ദ്വങ്ങളെ മനഃശാസ്ത്രപരമായി വിശകലനം ചെയ്യുമ്പോൾ അത് ആത്യന്തികമായി ലക്ഷ്യംവെക്കുന്നത് മനുഷ്യന്റെ സംസ്കരണ (Refinement) മാണെന്ന് കാണാം. അനഭിലഷണീയമോ (undesirable) സമൂഹ വിരുദ്ധമോ (Anti-Social) ആയ ഒരു വ്യവഹാരത്തെ വ്യക്തിയിൽ നിന്ന് ഇല്ലായ്മ ചെയ്യാൻവേണ്ടി ഉപയോഗിക്കുന്ന അസുഖകരമായ അനുഭവത്തെയാണ് ശിക്ഷയായി കാണുന്നത്. അതായത് ശിക്ഷയനുഭവിക്കുന്നതിലൂടെ വ്യക്തിയിൽ നടക്കേണ്ടത് മനോഭാവമാറ്റമാണ്. ശാരീരികപീഡനം (Corporal punishment)

കൊണ്ട് വ്യക്തിയുടെ ദുഃസ്വഭാവത്തെ താല്ക്കാലികമായി അടിച്ചമർത്താമെന്നല്ലാതെ ഇല്ലാതാക്കാൻ കഴിയില്ലെന്ന് പറയുന്നത് അതുകൊണ്ടാണ്. ദൗർഭാഗ്യവശാൽ നമ്മുടെ ജയിലുകളും ദുർഗുണ പരിഹാര പാഠശാലകളും ചെയ്യുന്നത് കുറ്റവാളിയുടെ കുറ്റവാസനകളെ കൂടുതൽ ശക്തമാക്കുകയാണ്. ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന കുറ്റവാളികൾ വീണ്ടും അതേ കുറ്റമോ അതിനേക്കാൾ മാരകമായ കുറ്റമോ ചെയ്ത് വീണ്ടും ജയിലിലേക്കു തന്നെ വരുന്ന അവസ്ഥ നിലനിൽക്കുന്നു.

സർക്കാർ, ഭരണസംവിധാനം, പട്ടാളം, പോലീസ്, കോടതി, ജയിൽ തുടങ്ങിയവ മർദ്ദനത്തിനുവേണ്ടിയുള്ള ഭരണകൂട ഉപകരണങ്ങളാണെന്നും പള്ളി, സ്വകാര്യ, സർക്കാർ സ്കൂളുകൾ, കുടുംബം, നിയമം, രാഷ്ട്രീയ കക്ഷികൾ, ട്രേഡ്യൂണിയനുകൾ, പത്രം, റേഡിയോ, ടെലിവിഷൻ, സാഹിത്യം, കല, സ്പോർട്സ് തുടങ്ങിയവ പ്രത്യയശാസ്ത്രപരമായ ഭരണകൂട ഉപകരണങ്ങളാണെന്നുമുള്ള അൽത്തൂസറിന്റെ വീക്ഷണത്തോട് (ദർശനവും രാഷ്ട്രീയവും, അൽത്തൂസർ, വി.സി. ശ്രീജൻ. പുറം.17) സി.ജെ.യുടെ നാടകദർശനം താദാത്മ്യം പ്രാപിക്കുന്നത് കാണാം. ജയിൽ, കോടതി, പത്രം, രാഷ്ട്രീയക്കാർ, പള്ളി, നിയമം, സാഹിത്യം, കല തുടങ്ങിയവയെല്ലാം തന്നെ ക്രൈം നാടകത്തിൽ വിമർശിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്യുന്നു.

മരണം, പ്രത്യേകിച്ചും അവനവന്റെ മരണം, ഫലിതമാണെന്ന പ്രമേയത്തെ കേന്ദ്രമാക്കി രചനയിലും ഘടനയിലും അവതരണത്തിലും ഏറ്റവും കൂടുതൽ പരീക്ഷണപ്രവണതകൾ പ്രകടിപ്പിച്ച നാടകമാണിത്. മരണം ഫലിതമാണെന്ന് ബോദ്ധ്യപ്പെടുത്താൻ ഗുരു, ശിഷ്യനു മുന്നിൽ സൃഷ്ടിക്കുന്ന നാടകത്തിനുള്ളിലെ നാടകത്തിലേയ്ക്ക് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങളായി അൽത്തൂസർ എടുത്തുകാണിച്ചവയെല്ലാം കടന്നുവരുന്നു.

കുമ്മായനിർമ്മാണ ഫാക്ടറിയിലെ തൊഴിലാളികളാണ് മാർക്കോസും വർക്കിയും. മാർക്കോസിന്റെ ഭാര്യയുമായി വർക്കിക്കുള്ള അവിഹിതബന്ധം മദ്യലഹരിയിൽ രണ്ടുപേരും തമ്മിലുള്ള തർക്കത്തിലേക്കും ശണ്ഠയിലേക്കും നീങ്ങുന്നു. ചൂളയിലേക്കുവീണ മാർക്കോസ് കൊല്ലപ്പെട്ടുവെന്ന നിഗമനത്തിൽ വർക്കി കൊലപാതകക്കുറ്റത്തിന് തടവിലാകുന്നു. വധശിക്ഷയെ ഭയപ്പെട്ട് ജയിലിൽ വർക്കി മനസ്സുതകർന്നുകഴിയുമ്പോൾ മരിച്ചുവെന്ന് വിശ്വസിച്ച മാർക്കോസ് തിരിച്ചുവരുന്നു. ഗുരു നാടകമവസാനിപ്പിക്കുന്നു.

കുറ്റശിക്ഷകളുടെ മൂല്യം നിർണയിക്കുന്നതിൽ മേൽകീഴ് അധികാരബന്ധങ്ങൾ എങ്ങനെ സ്വാധീനം ചെലുത്തുന്നുവെന്ന് അനാവരണം ചെയ്യാൻ സി.ജെ. നാടകത്തിൽ ഉപയോഗിച്ചിരിക്കുന്നത് പത്രമോഫീസിനെയാണ്. മാർക്കോസിന്റെ കൊലപാതകം ഡബിൾ കോളത്തിനുപോലും പറ്റില്ല. വല്ല സിനിമാതാരമോ കോടീശ്വരനോ ആയിരുന്നെങ്കിൽ ന്യൂസ് വാല്യൂ ഉണ്ടായേനേയെന്ന പത്രമാപ്പീസിലെ സഖറിയയുടെ പരിദേവനം ഉദാഹരണം. മരിച്ചവനോട് കുഴിക്കാണം വാങ്ങാൻ അവസരം കിട്ടാതെപോയതിനാലാണ് പള്ളിക്കാർക്കും അച്ചനും സങ്കടം. രാഷ്ട്രീയക്കാരനായ ശാസ്ത്രിക്ക് അത് പത്രത്തിൽ പ്രസ്താവന അച്ചടിച്ച് വരാനുള്ള അവസരമാണ്. ഒടുവിൽ മലമ്പ്രദേശങ്ങളിൽ താറാവുകൃഷി നടത്തുന്നതിനെക്കുറിച്ചുള്ള ധനകാര്യമന്ത്രിയുടെ വാർത്തവന്നതോടെ മാർക്കോസിന്റെ കൊലപാതകവാർത്ത പത്രത്തിലെ രണ്ടാം പേജിൽ കുമാരിപിൽസിന്റെ പരസ്യത്തിനു താഴെ ചെറിയ കുറിപ്പായിമാത്രം അച്ചടിക്കുന്നു. സാമൂഹികശ്രേണിയിലെ അധികാരബന്ധങ്ങളുടെ പിരമിഡിലെ താഴേത്തട്ടിലെ പ്രതിനിധിയായ മാർക്കോസിന്റെ ജീവൻ രാഷ്ട്രീയക്കാർക്കും പുരോഹിതനും മാധ്യമങ്ങൾക്കും കേവലം വിനോദം മാത്രമായി മാറുന്നു.

സമൂഹത്തിന്റെ ഏറ്റവും ചെറിയ ഏകകമായ കുടുംബത്തിനകത്തും വ്യക്തിയുടെ സ്ഥാനവും അധികാരവും നിർണയിക്കുന്നത് അയാളുടെ വരുമാനമാണ്. ഗൃഹനാഥനായ മാർക്കോസിന്റെ മരണവാർത്തയും വർക്കിയുടെ തടവുശിക്ഷയും മാർക്കോസിന്റെ ഭാര്യയിൽ ഉണ്ടാക്കുന്ന പ്രതികരണം കടിച്ചതുമില്ല പിടിച്ചതുമില്ല എന്നതാണ്. പണം തരുന്ന ഭർത്താവിനേയും ജാരനേയും ഒരേസമയം നഷ്ടമായതാണ് അവളുടെ സങ്കടം. പിതാവിന് കഞ്ചാവുവാങ്ങാൻ തനിക്കിനി ആരുപണം തരും എന്നോർത്താണ് വിഷമം.

കോടതി, പോലീസ്, ഭരണകൂടം, നിയമം, കുറ്റവാളി എന്നീ സംവിധാനങ്ങൾക്കകത്തും പുറത്തും നിന്നുകൊണ്ട് വധശിക്ഷയുടെ വിവിധമാനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യാൻ സി.ജെ.ക്ക് ക്രൈം നാടകത്തിൽ സാധിച്ചിട്ടുണ്ട്. മാനവികതയിലധിഷ്ഠിതമായ സി.ജെ.യുടെ ജീവിതദർശനം തന്നെയാണ് വിവിധ കഥാപാത്രങ്ങളുടെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

ഒന്നും ഒന്നും കൂട്ടിയാൽ പൂജ്യമാണോ? പിന്നെയെന്തിനാണ് ഒരുത്തൻ ചത്തതിന് വേറൊരുത്തനെക്കൂടി കൊല്ലുന്നത്? എന്ന

സഖറിയയുടെ ചോദ്യത്തിലെ ഗണിതയുക്തി വധശിക്ഷയുടെ അയുക്തികത വെളിവാക്കുന്നു. ഒരുത്തനെക്കൂടി വധിച്ചതുകൊണ്ട് മരിച്ചുപോയവന് എന്തെങ്കിലും ഗുണം കിട്ടുന്നുണ്ടോയെന്ന ഗുരുവിന്റെ ചോദ്യവും പ്രസക്തം തന്നെ. കൊന്നവൻ പിന്നേയും കൊല്ലുമെന്നുള്ള ഭയമാണ് വധശിക്ഷയ്ക്കു പ്രേരിപ്പിക്കുന്നതെങ്കിൽ ഒരൊറ്റ പരിഹാരമേയുള്ളൂ. കൊലപാതകം നടത്താൻ ആരോഗ്യമുള്ള എല്ലാവരേയും കൊല്ലണം എന്ന സഖറിയയുടെ വാക്കുകൾ ഓർമ്മിപ്പിക്കുന്നത് ഭാരതേന്ദുഹരിശ്ചന്ദ്രയുടെ അംധേരിയിലെ ചൗപട് രാജാവിനെയാണ്. കൊലക്കയറിനു പാകമായ കഴുത്തുണ്ട് എന്നതുകൊണ്ടുമാത്രം തൂക്കിലേറ്റാൻ വിധിക്കപ്പെട്ട ഗോവർധനെയാണ്.

നിയമത്തിന് മരണത്തിൽ താൽപര്യമില്ല കൊലക്കേസ്സിൽ മാത്രമേയുള്ളൂ. അത് പ്രതിയെ അപമാനം കൂടാതെ മരിക്കാൻ സമ്മതിക്കില്ല. ക്രൂശിക്കലാണ് ജനാധിപത്യത്തിന്റെ സനാതനമന്ത്രം നിയമം മരണത്തെ ആഘോഷമാക്കി മാറ്റുന്നു തുടങ്ങിയ ഗുരുവിന്റെ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത് സി.ജെ.യുടെ ജീവഹത്യക്കെതിരായ നിലപാടുകളാണ്. പ്രതി എന്ത് കുറ്റം ചെയ്താലും അയാൾ നന്നാകുവാനുള്ള ശിക്ഷയിലധികം ചോദിക്കുന്നത്, അത് കൊടുക്കുന്നത് പാപകരം തന്നെ. കണ്ണിനു പകരം കണ്ണ് എന്ന നിയമം പരിഷ്കൃതമനുഷ്യന്റേതല്ല. അതു സമരരംഗത്തിന്റെ ഒരു പൈശാചികസന്തതിയാണ്. കാടത്തത്തിന്റെ അവശിഷ്ടമാണ്. എന്ന വാക്കുകളും വധശിക്ഷയ്ക്കെതിരായ പ്രഖ്യാപനമാവുന്നു.

ബി.സി. 1750 ൽ യൂഫ്രട്ടീസ് , ടൈഗ്രീസ് നദീമുഖത്ത് നിലനിന്ന മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ സൃഷ്ടിയായ ഹമുറാബിയൻ നിയമ ശാസ്ത്രസംഹിതയാണ് അറിയപ്പെട്ടതിൽ ഏറ്റവും പ്രാചീനമായത്. (നിശാഗന്ധി വിശ്വവിജ്ഞാനകോശം, വാല്യം 10. പുറം 672) ആയിരക്കണക്കിന് വർഷങ്ങളിലൂടെ മനുഷ്യൻ പുരോഗമിച്ചിട്ടും നമ്മുടെ നിയമസംഹിതയിലെ നിയമങ്ങളിൽ ഹമ്മുറാബിയുടെ കാലത്തോളം പഴക്കമുള്ള കാടൻ നിയമങ്ങളുണ്ടെന്ന് സി.ജെ. ഓർമ്മിപ്പിക്കുന്നു.

പ്രതിഭാഗം വക്കീലും വാദിഭാഗം വക്കീലും തമ്മിലുള്ള വാദ പ്രതിവാദങ്ങളിലും വധശിക്ഷയെ വിചാരണ ചെയ്യുന്നുണ്ട്. ജീവിതം ദിവ്യമാണ് അത് ഈശ്വരദത്തമാണ്. തൃണത്തെപ്പോലും മുളപ്പിക്കാൻ കഴിയില്ല മനുഷ്യനെന്ന് സർക്കാർ വക്കീൽ വാദിക്കുമ്പോൾ മരണശിക്ഷയുടെ ഉത്ഭവം തന്നെ പ്രതികാരബുദ്ധിയിൽ നിന്നാണെന്ന് പ്രതിയുടെ വക്കീലും ഓർമ്മിപ്പിക്കുന്നു. വധശിക്ഷ പ്രതികാരമാമെന്ന സി.ജെ.

യുടെ നിരീക്ഷണം എത്രത്തോളം യാഥാർത്ഥ്യമാണെന്ന് കുട്ടിക്കുറ്റവാളിയുടെ പ്രായപരിധി 18 ൽ നിന്ന് 16 ആക്കാൻ നമ്മുടെ ഭരണകൂടത്തെ പ്രേരിപ്പിച്ചത് ഡൽഹി പീഡന കൊലപാതകക്കേസിലെ പ്രധാന പ്രതിയെ കോടതി മോചിപ്പിച്ചനടപടിയാണെന്നതിൽ നിന്നും വ്യക്തമാവുന്നു. നിയമം അനുസരിച്ച് കൊന്നാലും നിയമം അനുസരിക്കാതെ കൊന്നാലും മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ലെന്ന പ്രതിഭാഗം വക്കീലിന്റെ വാദവും ചിന്തനീയമാണ്.

കൊലപാതകക്കേസിൽ തടവും വിചാരണയും നേരിടുന്ന പ്രതി അനുഭവിക്കുന്നത് ആറിരട്ടിശിക്ഷയാണെന്ന ശിഷ്യന്റെ വാദത്തിലൂടെ പ്രതിയോടുകാണിക്കേണ്ട മാനുഷികമായ പരിഗണനയിലേക്കാണ് സി.ജെ. വിരൽ ചൂണ്ടുന്നത്. ആംനസ്റ്റി ഇൻർനാഷണലിന്റെ കണക്കനുസരിച്ച് കുറ്റവാളി വധശിക്ഷകാത്ത് ശരാശരി 10 വർഷം ഒരു രാജ്യത്ത് തടവിൽ കിടക്കേണ്ടിവരുന്നുണ്ടെന്നത് പ്രതി അനുഭവിക്കുന്നത് ആറിരട്ടി ശിക്ഷയാണെന്ന സി.ജെ.യുടെ വാദത്തെ സാധൂകരിക്കുന്നു. ക്രൂശിക്കലാണ് ജനാധിപത്യത്തിന്റെ സനാതന മന്ത്രമെന്നും പരിണാമം പൂർത്തിയാകാത്ത ഇരുകാലികളോട് എന്തെങ്കിലും പറഞ്ഞുമനസ്സിലാക്കാൻ സാധ്യമല്ലെന്നുമുള്ള ഗുരുവിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത് വ്യവസ്ഥയോടുള്ള സി.ജെ.യുടെ അമർഷമാണ്. നിയമത്തിന് പ്രതിയെ ദ്രോഹിക്കാനുള്ള അവസരം നഷ്ടമാകുന്നതുകൊണ്ടാണ് ആത്മഹത്യാശ്രമം കുറ്റകരമാക്കിവെച്ചിരിക്കുന്നതെന്നും ജീവിതത്തെ ധീരമായി നേരിടാൻ നിയമം യാതൊരു സഹകരണവും കൊടുക്കുന്നില്ല. എന്നാൽ ജീവിതായോധനത്തിൽ നിന്ന് ഒളിച്ചോടുന്നതിനെ തടയുവാൻ നിയമമുണ്ട്. ഇതാണ് നിയമാവലിയിലെ ഏറ്റവും മൂർത്തിമത്തായ സ്വാർത്ഥതയെന്നും ഗുരുവിലൂടെ സി.ജെ. സംസാരിക്കുമ്പോൾ അനാവരണം ചെയ്യപ്പെടുന്നത് നിയമവ്യവസ്ഥയുടെ മനുഷ്യത്വവിരുദ്ധതയാണ്. മറ്റൊരിടത്ത് നിയമം പലപ്പോഴും ശിക്ഷയേക്കാൾ ഭയങ്കരമാകാറുണ്ടെന്ന് പ്രതിഭാഗം വക്കീലിനെക്കൊണ്ട് പറയിക്കുന്നുമുണ്ട്.

ജഡ്ജിയുടെ മുന്നിൽ പ്രതിഭാഗം വക്കീലും വാദിഭാഗം വക്കീലും നടത്തുന്ന കേസിന്റെ തലനാരിഴകീറിയുള്ള സംവാദങ്ങൾക്ക്, കൈയടിനേടാനുള്ള നാടകനടന്റെ വാചകക്കസർത്തിനേക്കാൾ യാതൊരു പ്രാധാന്യവുമില്ലെന്ന് വക്കീലിനേയും ജഡ്ജിയേയും വിചാരണയ്ക്ക് വിധേയമാക്കി സി.ജെ. തെളിയിക്കുന്നു.

ഡ്യൂട്ടി ബാധിച്ചാൽ മനുഷ്യൻ മനുഷ്യനല്ലാതായിത്തീരുമോയെന്ന ഗുരുവിന്റെ സർക്കാർ വക്കീലിനോടുള്ള ചോദ്യം മാനുഷികവശം നോക്കാതെ നിയമം നടപ്പാക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരോടുമുള്ള ചോദ്യമായി മാറുന്നു. സർക്കാർ വക്കീലിനെ ചക്കി, 'അയാൾക്ക് മനുഷ്യത്വമെന്നത് മനസ്സിലാകുകയില്ല. അയാളെ നിയമപ്പുസ്തകം കൊണ്ടുണ്ടാക്കിയതാണ്' എന്ന് പരിഹസിക്കുമ്പോൾ 'നിയമ അന്ധത' പൂർണമാവുന്നു. കേസിന്റെ വിചാരണയ്ക്കിടയിൽ നിങ്ങളെന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നതെന്ന ചക്കിയുടെ ചോദ്യത്തിന് ജഡ്ജിയുടെ മറുപടി കുടവയറൻ എന്നവാക്കിന്റെ അർത്ഥം കൊടന്തയാണോ, കുടന്തയാണോ എന്നു പറയുമ്പോൾ കേസും വിചാരണയും ശിക്ഷയും നൈതികതയും വൈകാരികതയും ഇല്ലാത്ത കോമാളിത്തങ്ങളായി മാറുന്നു.

മാനസിക പരിവർത്തനത്തിനുള്ള ഉപാധി എന്ന നിലയിൽ നിന്നും ഇരയുടേയോ ഭരണകൂടത്തിന്റെയോ പ്രതികാരത്തിനുള്ള മാർഗം എന്ന നിലയിലേക്ക് ശിക്ഷയെ പരിവർത്തിപ്പിച്ചതുമുതലാണ് ശിക്ഷ മനുഷ്യത്വവിരുദ്ധമാവുന്നത്.

സഹായക ഗ്രന്ഥങ്ങൾ

1. ശ്രീജൻ.വി.സി. ദർശനവും രാഷ്ട്രീയവും. അൽത്തൂസർ. തിരുവനന്തപുരം: ഫോക്കസ് ബുക്ക്സ്. 1991.
2. സർവവിജ്ഞാനകോശം, വാല്യം-15, തിരുവനന്തപുരം: കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, 2010.
3. നിശാഗന്ധി വിശ്വവിജ്ഞാനകോശം, വാല്യം 10, ഇരിങ്ങാലക്കുട: നിശാഗന്ധി പബ്ലിക്കേഷൻസ്, 2010.
4. തോമസ് സി.ജെ., '1128-ൽ ക്രൈം 27'. കോട്ടയം: ഡി.സി.ബുക്സ് 2005.
5. ഗ്രാംഷി അന്റോണിയോ. തെരഞ്ഞെടുത്ത സാംസ്കാരിക രചനകൾ, കൊല്ലം: ഗ്രാംഷി ബുക്സ്, 2013.

**മുഹമ്മദ് ബഷീർ കെ.കെ.**
അസി.പ്രൊഫസർ
കെ.കെ.ടി.എം. ഗവ.കോളേജ്,
പുല്ലൂറ്റ്.
muhammedbasheerkk@yahoo.co.in.